പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 35 *

19.03.2013-ലെ മറുപടിയ്ക്ക്

## വ്യവസായ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. മുരളീധരൻ | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുമായി വ്യാവസായിക അടിസ്ഥാന പശ്ചാത്തല സൗകര്യം വികസിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ്, കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ നിന്നും ധനം സമാഹരിച്ച് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഇൻകെലും നടപടികൾ സ്വീകരിക്കുന്നുണ്ട്. |

കിൻഫ്രായുടെ ഇപ്പോൾ നിലവിലുള്ള പാർക്കുകൾക്കു പുറമേ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും വികസന സാധ്യതകൾ മുന്നിൽകണ്ടുകൊണ്ടാണ് ഇവയെ ബന്ധപ്പെടുത്തി വ്യവസായ വാണിജ്യ മേഖലകൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നത്.

കെ.എസ്.ഐ.ഡി.സി നിലവിലുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങൾക്കു പുറമേ കുറ്റ്യാടിയിൽ നാളികേര പാർക്കിനുവേണ്ടിയും ആമ്പല്ലൂരിൽ ഇലക്ട്രോണിക് പാർക്കിനു വേണ്ടിയും തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിനു വേണ്ടിയും അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. കൂടാതെ എറണാകുളം,തൃശ്ശൂർ, മലപ്പുറം , പാലക്കാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് കൊച്ചി-പാലക്കാട് നാഷണൽ മാനുഫാക്ചറിംഗ് സോണും എറണാകുളം ജില്ല കേന്ദ്രീകരിച്ച് പ്രെട്രോകെമിക്കൽ & പെട്രോളിയം സോണും സ്ഥാപിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ തിരുവന്തപുരം, കൊച്ചി, കോഴിക്കോട്, ഇടുക്കി, കണ്ണൂർ എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി ഇൻറഗ്രേറ്റഡ് ബിസിനസ് ഹബ്ബുകൾ വികസിപ്പിക്കുന്നതാണ്.

അടിസ്ഥാന സൗകര്യ വികസനത്തിൻെറ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ബഹുനില വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതിനുള്ള പങ്കാളിത്തത്തിൽ ഏത് മാതൃകയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) & സി) | കിൻഫ്രയും, കെ.എസ്.ഐ.ഡി.സിയും അടിസ്ഥാന സൗകര്യവികസന പദ്ധതികൾ സർക്കാർ സഹായത്തോടുകൂടിയാണ് ഏറ്റെടുക്കുന്നത്. കേന്ദ്ര സഹായങ്ങളും പല പദ്ധതികൾക്കും ലഭിക്കുന്നുണ്ട്. എന്നാൽ ചില പദ്ധതികൾ വ്യവസായ വകുപ്പിൻെറ കീഴിലുള്ള കെ.എസ്.ഐ.ഡി.സി, കിൻഫ്ര, എന്നീ സ്ഥാപനങ്ങൾ ഇൻകെലുമായി ചേർന്ന് രൂപീകരിക്കുന്ന ജോയിൻറ് വെൻച്വർ/ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്. സ്വകാര്യ സംരംഭകരുമായി ചേർന്നും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| സി) | ഏതെല്ലാം ഏജൻസികളെയാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; | | |
| ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്? | ഡി) | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാകളക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ജില്ലാകളക്ടർമാരുടെ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. ചില പദ്ധതികൾക്ക് കേന്ദ്രാനുമതിയും മറ്റ് പാരിസ്ഥിതിക അനുമതിയും ആവശ്യമായതിനാൽ ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ